**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.5060 | | | 28.10.2016-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **വഴിയോര കച്ചവടക്കാർ** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീമതി.പി. അയിഷാ പോറ്റി** | | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാനത്തെ വഴിയോര കച്ചവടക്കാരുടെ സർവ്വേ നടത്തിയിട്ടില്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ തെരുവ് കച്ചവടക്കാരുടെ സർവ്വേ എൻയുഎൽഎം പദ്ധതി നിലവിലുള്ള 14 നഗരസഭകളിൽ 11 നഗരസഭകൾ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റു നഗരസഭകളിൽ സർവ്വേ നടപടികൾ ഉടൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വഴിയോര കച്ചവടക്കാർക്ക് തൊഴിലിടം നിശ്ചയിച്ച നൽകുന്നതിനും ലൈസൻസ് ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (ബി) | നഗര പ്രദേശത്തെ തെരുവ് കച്ചവടക്കാർക്ക് 'തൊഴിലിടം' നിശ്ചയിച്ച് നൽകുന്നതിനും, ലൈസൻസ് ഏർപ്പെടുത്തുന്നതിനും തെരുവ് കച്ചവടക്കാരുടെ സർവ്വേ നഗരസഭകൾ പൂർത്തീകരിക്കേണ്ടതുണ്ട്. തെരുവ് കച്ചവടം അനുവദനീയമല്ലാത്ത മേഖലയിലും (No Vending Zone), നിയന്ത്രിത മേഖലയിലും കച്ചവടം ചെയ്യുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നഗരസഭകൾ പദ്ധതി തയ്യാറാക്കി 'തെരുവ് കച്ചവട മേഖലകൾ' പ്രഖ്യാപിക്കേണ്ടതും, തുടർന്ന് അതിന് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കേണ്ടതുമാണ്. സർവ്വേയിൽ കണ്ടെത്തിയ തെരുവ് കച്ചവടക്കാർക്ക് നഗര കച്ചവട സമിതിയുടെ ശുപാർശ പ്രകാരം നഗരസഭ ലൈസൻസ് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ